പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1678 22.03.2012-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

**മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് തമിഴ് നാട്ടിൽ മലയാളികൾക്കെതിരെയുള്ള ആക്രമണം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന ആവശ്യത്തെ തുടർന്ന് തമിഴ് നാട്ടിൽ മലയാളികൾക്കെതിരെ എത്ര ആക്രമണങ്ങൾ നടന്നിട്ടുണ്ട്; ആക്രമണങ്ങളിൽ എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട് | (എ) & (ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന ആവശ്യത്തെ ത്തുടർന്ന് തമിഴ് നാടിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ച വരുന്ന മലയാളികൾക്ക് നേരെയും അവരുടെ വസ്തുവകകൾക്കുനേരെയും നിരവധി ആക്രമണങ്ങൾ നടന്നതായി അറിഞ്ഞിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല. എത്ര കേസുകൾ തമിഴ് നാട്ടിൽ രജിസ്റ്റർ ചെയ്തു എന്ന വിവരവും ലഭ്യമല്ല. |
| (ബി) പ്രസ്തുത ആക്രമണങ്ങളിൽ എത്ര തുകയുടെ സ്വത്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട് ഇതു സംബന്ധിച്ച് തമിഴ് നാട്ടിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | |
| (സി) മുല്ലപ്പെരിയാർ ഡാമിന് അപകടമുണ്ടാകുന്ന പക്ഷം കേരളത്തിലുണ്ടാകുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് ഐ.ഐ.ടി റൂർക്കി നടത്തുന്ന ഡാം ബ്രേക്ക് അനാലിസിസ്സിന്റെ പഠനം അന്തിമഘട്ടത്തിലാണ്. പ്രസ്തുത പഠന റിപ്പോർട്ടിൽ ( കരട്) മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ ഡാമിന്റെ താഴ്ഭാഗം മുതൽ അറേബ്യൻ സമുദ്രം വരെയുള്ള പെരിയാറിന്റെ പ്രദേശങ്ങളിൽ വിവിധ Chainage- കളിൽ എത്ര ഉയരത്തിൽ ജലം പൊങ്ങുമെന്നും. പ്രദേശങ്ങളിൽ പ്രളയജലം എത്തിച്ചേരുവാൻ വേണ്ട സമയവും വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഡാം തകരുകയാണെങ്കിൽ ഉണ്ടാകുന്ന സ്ഥാവരജംഗമ വസ്തുക്കളുടെയും ജീവജാലങ്ങളുടെയും നാശ നഷ്ടങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ ഈ പഠനത്തിലൂടെ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ